**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1533** **14-03-2022 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ട്രാംവെ മ്യൂസിയം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം കൈമാറികിട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | ഇതിനായി കണ്ടെത്തിയ ഭൂമി പുരാവസ്തു വകുപ്പിന് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ട്രാംവെ മ്യൂസിയം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ സ്ഥലം കൈമാറികിട്ടുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത ഭൂമി കൈമാറുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദീകരിക്കുമോ? | (സി) | 19/07/2019-ലെ സ.ഉ.(സാധാ)നം.514/2019-WRD പ്രകാരം ജലസേചന വകുപ്പിന്റെ മെക്കാനിക്കൽ സബ് ഡിവിഷൻ ചാലക്കുടിയുടെ കൈവശമുള്ള 50 സെന്റ് സ്ഥലം ഉടമസ്ഥാവകാശം ജലസേചന വകുപ്പിൽ നിലനിർത്തി ട്രാംവെ മ്യൂസിയം സജ്ജീകരിക്കുന്നതിനായി സാംസ്കാരിക വകുപ്പിന് കൈമാറുന്നതിന് ഉത്തരവായിരുന്നു. തുടർന്ന് 20.08.2019-ൽ സ്ഥലം അളന്നു തിരിച്ച് നൽകുന്നതിന് ചാലക്കുടി തഹസിൽദാർക്ക് വകുപ്പ് കത്തു നൽകുകയുണ്ടായി. ചാലക്കുടി തഹസീൽദാർ ടി സ്ഥലം അളന്ന് അതിർത്തി നിർണ്ണയിക്കുകയും സ്കെച്ച് തയ്യാറാക്കുകയും ചെയ്തിരുന്നു. സ്ഥലം കൈമാറുന്നതു സംബന്ധിച്ച് ജില്ലാ കലക്ടറുടെ നിർദേശം ലഭ്യമാക്കണമെന്ന് തഹസിൽദാർ അറിയിച്ചതിനെത്തുടർന്ന് 14.02.2021-ൽ സ്ഥലം കൈമാറുന്നതിന് അടിയന്തിര നടപടി സ്വീകരിക്കാൻ ജില്ലാ കലക്ടറോട് പുരാവസ്തു വകുപ്പ് അഭ്യർത്ഥിച്ചിരുന്നു. നിലവിൽ ഭൂമി കൈമാറ്റം സംബന്ധിച്ച വിഷയം ജില്ലാ ഭരണ കൂടത്തിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ